പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1859 01.11.2019-ലെ മറുപടിക്ക്

## ഹർത്താൽ മുഖേനയുള്ള നാശനഷ്ടത്തുക ഈടാക്കൽ

| ചോദ്യം | മറുപടി |
|---|---|
| ഡോ.എം. കെ. മുനീർ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 03-01-2019 ന് സംസ്ഥാനത്ത് നടന്ന ഹർത്താലിനോടനുബന്ധിച്ച് കെ.എസ്.ആർ.ടി.സി. യുടെ 99 ബസ്സുകൾക്ക് നേരെയുണ്ടായ അതിക്രമത്തിൽ സംഭവിച്ച നാശനഷ്ടത്തുകയായ 3.35 കോടി രൂപ ആക്രമണം നടത്തിയവരിൽ നിന്ന് ഈടാക്കിയിരുന്നോ; എങ്കിൽ അതിന്റെ വിശദവിവരം പട്ടിക തിരിച്ച് ലഭ്യമാക്കുമോ; | (എ) | നടപടികൾ സ്വീകരിച്ചുവരുന്നു. ടി അക്രമ സംഭവവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി.യ്ക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്കുകൾ സംസ്ഥാന പോലീസ് മേധാവി, ചീഫ് സെക്രട്ടറി, ബഹു. ഹൈക്കോടതി രജിസ്ട്രാർ എന്നിവരെ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നഷ്ടപരിഹാരത്തുക നാളിതുവരെ ഈടാക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം; അതിന് നിലനിൽക്കുന്ന തടസ്സങ്ങളെന്തൊക്കെയെന്ന് അറിയിക്കുമോ; നിയമം കൈയിലെടുത്ത് ഗവൺമെന്റ് മുതലുകൾ നശിപ്പിച്ചവരിൽ നിന്ന് നാശനഷ്ടത്തുക ഈടാക്കാതിരിക്കുന്നത് സംസ്ഥാനത്ത് നിലവിലുള്ള നിയമം അനുവദിക്കാത്തത് കൊണ്ടാണോ എന്ന് വ്യക്തമാക്കുമോ ; | (ബി) | ടി വിഷയത്തിന്മേൽ നിയമാനുസൃതം നടപടി സ്വീകരിക്കുന്നതിനായി എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതായി സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും 25/1/19 തീയതിയായി കത്ത് ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത തുക അടിയന്തിരമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ ? | (സി) | സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**